# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com and essectiondhs@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in


ഇ. എസ് 2/80704/2015/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.28/03/2016

## നോട്ടീസ്

വിഷയം: ആവഡ- ടൈപ്പിസ്റ്റുമാരുടെ 01/01/1999 മുതൽ 31/12/2006 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീ.എം.മിത്രൻ സമ്മർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. തൃശ്ശൂർ ഡി.എം.ഒ യുടെ 30/10/2015 ലെ എ2/10882/2015 എന്ന നമ്പർ കത്ത്.
2. സർക്കാരിന്റെ 14/07/1998 ലെ ജി.ഒ.(പി)20/1998/പി&എ.ആർ.ഡി എന്ന നമ്പർ ഉത്തരവ്.
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 25/03/2003 ലെ എ4/57893/2002 എന്ന നമ്പർ ഉത്തരവ്.
4. തൃശ്ശൂർ ഡി.എം.ഒ യുടെ 28/03/2003 ലെ എ2/11990/2002 എന്ന നമ്പർ ഉത്തരവ്.
5. തൃശ്ശൂർ ഡി.എം.ഒ യുടെ 27/06/2005 ലെ കെ.ഡിസ്.എ2/11889/2005 എന്ന നമ്പർ ഉത്തരവ്.
6. തൃശ്ശൂർ ഡി.എം.ഒ യുടെ 20/07/2010 ലെ എ2/1804/2010 എന്ന നമ്പർ ഉത്തരവ്.
7. ഉത്തരവ് നമ്പർ ഇ എസ് 2(പ്രത്യേക സെൽ)/5327/2007/ആവഡ തീയതി.30/11/2009

ടൈപ്പിസ്റ്റുമാരുടെ 01/01/1999 മുതൽ 31/12/2006 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലെ ടൈപ്പിസ്റ്റ് ശ്രീ.എം.മിത്രൻ സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചുതന്നിരിക്കുന്നു.

ശ്രീ.എം.മിത്രൻ സൂചന 2,3,4 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റേയും, തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവിന്റേയും, തൃശ്ശൂർ ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ വികലാംഗർക്ക് നീക്കിവച്ചിരുന്ന ഒഴിവിലേയ്ക്ക് ക്ലാർക്ക്ടൈപ്പിസ്റ്റ് തസ്തികയിൽ 07/04/2003 ൽ ജോലിയിൽ പ്രവേശിച്ചു.സൂചന 5 പ്രകാരം 07/04/2005

മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. സൂചന 6 പ്രകാരം ക്ലാർക്ക്ടൈപ്പിസ്റ്റിൽ നിന്നും ടൈപ്പിസ്റ്റിലേയ്ക്ക് തസ്തികമാറ്റം നേടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സൂചന 7 പ്രകാരമുള്ള ടൈപ്പിസ്റ്റ്മാരുടെ 01/01/1999 മുതൽ 31/12/2006 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 35 (എ) ആയി ഉൾപ്പെടുത്തുന്നതിന് തൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | യോഗ്യത | നിലവിലെ റാങ്ക് നമ്പർ | പുതുതായി അനുവദിച്ച റാങ്ക് നമ്പർ | സീനിയോരിറ്റിക്ക് കണക്കാക്കിയ തീയതി | മറ്റ് അഭിപ്രായങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | സിബി സെബാസ്റ്റ്യൻ | 30/05/1975 | 03/10/2003 | PDGCA Dip.in short hand, Type. | 35 | 35 | 15/02/2003 | |
| 2 | മിത്രൻ.എം | 09/05/1962 | 07/04/2003 | SSLC,Type Eng.(L&H) | ഇല്ല | 35(A) | 25/03/2003 | |
| 3 | മോഹനൻ. എം | 28/11/1965 | 28/05/2003 | Type Eng.(H) Mal(L). | 36 | 36 | 28/03/2003 | |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ